അനുകൂലിക്കുന്നവർ..... .....
പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(4) 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻറ്മെൻറ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻറ്മെൻറ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഇതും വളരെ ചെറിയൊരു ബില്ലാണ്. ഈ ബില്ലിൽ കമ്മീഷണറെ ഡിഫൈൻ ചെയ്തിരിക്കുന്നു. കമ്മീഷണർ എന്നു പറയുന്നത് സി.ടി.സി. ആണ്. ഏവിയേഷൻ ടർബൈൻ ഫ്യൂവൽ, പെട്രോളിയം, ഡീസൽ എന്നീ വാക്കുകൾക്ക് പകരം "പട്ടികയിലെ ക്രമ നമ്പർ 1-ന് താഴെ വരുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾ" എന്ന വാക്ക് ചേർക്കുന്നു. "ഭാരത് പെട്രോളിയം" എന്ന വാക്കുകൾക്ക് പകരം "ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്" എന്ന യഥാർത്ഥ പേര് ചേർക്കുന്നു. ഇതിൽ യാതൊരു വിവാദത്തിനുമുള്ള കാര്യമില്ല. ഈ ബിൽ ചർച്ച കൂടാതെ തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാവുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻറ്മെൻറ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1963-ലെ കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ കാലോചിതമായി ഒട്ടേറെ ഭേദഗതികൾ വരുത്തിയ കൂട്ടത്തിൽ ഒരു ചെറിയ ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കമ്മീഷണർ എന്നാൽ സർക്കാർ അപ്രകാരം നിയമിച്ച വാണിജ്യ നികുതി കമ്മീഷണർ എന്നർത്ഥം വരുന്ന രീതിയിലുള്ള ഭേദഗതിയാണ്. അതോടൊപ്പം ഏവിയേഷൻ ടർബൈൻ ഫ്യൂവൽ, ഡീസൽ, പെട്രോൾ എന്നീ വാക്കുകൾക്ക് പകരം പട്ടികയിലെ ക്രമ നമ്പർ 1-ന് താഴെ പറയുന്ന ഭാരത് പെട്രോളിയം ഉൽപ്പന്നങ്ങൾ എന്ന വാക്കുകൾ ചേർക്കണ്ടതാണെന്നും 'ഭാരത് പെട്രോളിയം' എന്ന വാക്കുകൾക്ക് പകരം 'ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്' എന്നു ചേർക്കണമെന്നും ഉള്ള ഭേദഗതിയാണ് ഉദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനത്തിന്റെ വലിയൊരു ഭാഗം വിൽപ്പന നികുതിയിലൂടെയാണ് ലഭിക്കുന്നത്. വിൽപ്പന നികുതിയിൽ വളരെയേറെ വർദ്ധനവ് ഈ കാലഘട്ടത്തിൽ വരുത്തിയതിൽ ധനകാര്യ വകുപ്പുമന്ത്രി അഭിനന്ദനമർഹിക്കുന്നു. വിൽപ്പന നികുതി വകുപ്പ് കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകാൻ നികുതിച്ചോർച്ച തടയേണ്ടതുണ്ട്. നികുതി പിരിവ് ശക്തിപ്പെടുത്തിയും നികുതിച്ചോർച്ചകൾ തടഞ്ഞും കൂടിശ്ശികകൾ പിരിച്ചെടുത്തും വിൽപ്പന നികുതി വകുപ്പിനെ കൂടുതൽ കാര്യക്ഷമതയോടുകൂടി മുന്നോട്ടു കൊണ്ടുപോകണം. വിൽപ്പന നികുതി വകുപ്പിൽ സ്റ്റാഫിന്റെ അപര്യാപ്തത മൂലം അസസ്സ്മെന്റ് യഥാവസരം നടക്കാത്തതുകൊണ്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതികൾ കിട്ടുന്നതിന് കാലതാമസം വരുന്നുവെന്നതിനാൽ അസസ്സ്മെന്റിന് പ്രത്യേകമായി വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാരെ നിയമിക്കണം. വർഷാവർഷംതന്നെ അസസ്സ്മെന്റ് കൂടിശ്ശികകൾ തീർക്കാനാവശ്യമായ അഡീഷണൽ സെയിൽസ് ടാക്സ് ഓഫീസർമാരെ നിയമിച്ചു കൊണ്ടുള്ള പ്രത്യേക സംവിധാനമുണ്ടാക്കണം. ധാരാളം അപ്പീലുകൾ കോടതികളിലും ട്രൈബ്യൂണലുകളിലും കെട്ടിക്കിടക്കുകയാണ്. സമയബന്ധിതമായി കോടതികളിലുള്ള കേസുകൾ പരിശോധിച്ച്, റിവ്യൂ നടത്തി സ്റ്റേ പിൻവലിക്കുവാനും അവയിൻമേൽ തീർപ്പു കൽപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ അഡീഷണൽ സ്റ്റാഫിനെ നിയമിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചാൽ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിക്കും. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഒരുപാട് പരാതികളുണ്ട്. അവിടെ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. ജീപ്പ് ഇല്ല. ചെക്ക് പോസ്റ്റുകളിൽ വളരെ ആധുനികമായ ഉപകരണങ്ങൾ ആവശ്യമാണ്. സ്കാനിംഗ് മെഷീനുകളും വയർലെസ് സെറ്റുകളും വാഹനങ്ങളും വാങ്ങുകയും കമ്പ്യൂട്ടറൈസ് ചെയ്യുകയും വേണം. നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക് പോസ്റ്റുകളുടെ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാനാവശ്യമായ നടപടികളുണ്ടാകണം. വിൽപ്പന നികുതി വർദ്ധിപ്പിക്കുന്നതിന് വളരെ ഉദാരമായ സമീപനം കൈക്കൊണ്ടതിൽ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. സെയിൽസ് ടാക്സ് നിരക്കുകൾ പരമാവധി കുറയ്ക്കുകയാണെങ്കിൽ നികുതി വെട്ടിപ്പ് വളരെ കുറയ്ക്കാൻ കഴിയും. രണ്ട് തരത്തിലുള്ള ക്രമക്കേട് ഉണ്ടാകില്ല. സെയിൽസ് ടാക്സ് നിരക്കുകൾ കുറയ്ക്കുകയും നികുതി ചോർച്ച തടയുകയും കൂടിശ്ശിക പൂർണ്ണമായി പിരിക്കുകയും ചെയ്താൽ നികുതി പിരിവിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് നികുതി നിരക്ക് പരമാവധി കുറയ്ക്കണം. കുറെങ്ങളും പോരായ്മകളും പരിഹരിച്ചുകൊണ്ട് നികുതി പിരിവ് കൂടുതൽ ഊർജ്ജിതപ്പെടുത്താനും ക്ഷ്യവസ്തുക്കളുടെ വില വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ക്ഷ്യവസ്തുക്കളുടെ നികുതിയിലെങ്കിലും കുറവു വരുത്താനും ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, 2005-ലെ കേരള സെയിൽസ് ടാക്സ് (അമെൻഡ്മെന്റ്) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ ചെറിയ ബില്ലാണ് ഇത്. രണ്ടു കാര്യങ്ങളാണ് ഇതിൽ വന്നിരിക്കുന്നത്, ഒന്ന്, ഡെഫിനിഷൻ ക്ലാസ്സിലെ അവ്യക്തത മാറ്റിയിരിക്കുന്നു. കമ്മീഷണർ എന്ന വാക്കിന്റെ ഡെഫിനിഷൻ വ്യക്തമാക്കിയിരിക്കുന്നു, അതുപോലെ ഭാരത് പെട്രോളിയം എന്നു പറയുന്നത് ഭാരത്. പെട്രോളിയം കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ലിമിറഡ് എന്നാക്കിക്കൊണ്ടും അമെൻറ്മെൻറ് വന്നിട്ടുണ്ട്. മറ്റൊന്ന് പറയുന്നത് Aviation turbine fuel, diesel and petrol എന്നതിനു പകരമായിട്ട് ഷെഡ്യൂളിൽ പെട്രോളിയം പ്രോഡക്ട്സ് എന്ന് ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലുള്ള രണ്ട് മൂന്ന് പരാമർശം മാത്രമേണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവിടെ ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് 'വാറ്റ്' നടപ്പിലാക്കിയ എല്ലാ സംസ്ഥാനങ്ങളും ഏകീകൃതമായി സെയിൽസ് ടാക്സ് നടപ്പാക്കാൻ സമ്മതിച്ചതായി പറയുന്നുവെങ്കിലും ഇന്നും ചില ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ആ ഒരു രീതിയിലേക്ക് വന്നിട്ടില്ല. പ്രധാനമായും പോണ്ടിച്ചേരി പോലുള്ള സംസ്ഥാനങ്ങൾ വാറ്റ് നടപ്പിലാക്കാനുള്ള നടപടികളിലേക്ക് വരാത്തതുമൂലം ഇവിടെ വാറ്റ് നടപ്പിലാക്കുന്നതുകൊണ്ടുള്ള ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം തമിഴ്നാടും പോണ്ടിച്ചേരിയും നികുതി ഈടാക്കുന്നതിൽ ഏറെക്കുറച്ചിലുള്ള മേഖലകളാണ്. ആ രണ്ട് മേഖലകളിലുംകൂടി വാറ്റ് നടപ്പിലാക്കാൻ സമ്മതിക്കാതെ നിൽക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തു നികുതി വെട്ടിപ്പ് തടയാനുള്ള ശ്രമങ്ങൾ വിജയിക്കില്ല. ധനകാര്യമന്ത്രി കേന്ദ്ര സംസ്ഥാന മന്ത്രിമാരുടെ സ്റ്റാൻറിംഗ് കമ്മിറ്റിയിലെ അംഗമാണ്. ആ അംഗമെന്ന നിലക്കുതന്നെ നിലവിലുണ്ടായിട്ടുള്ള അപാകതകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് പരിഹാരം കണ്ടെത്തി ഇൻഡ്യയിലുള്ള എല്ലാ സംസ്ഥാനങ്ങളിലും ദക്ഷിണേന്ത്യയിലുള്ള എല്ലാ സംസ്ഥാനങ്ങളിലുമെങ്കിലും വാറ്റ് നടപ്പിലാക്കിയിട്ടില്ലെങ്കിൽ നമ്മൾ നടപ്പിലാക്കിയ കാര്യങ്ങൾക്ക് പ്രയോജനം ഉണ്ടാകുകയില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് എൻറെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞ കാര്യങ്ങൾ, ഈ ബില്ലിൻറെ അമെൻറ്മെൻറിനെ സംബന്ധിച്ച് അല്ലെങ്കിൽകൂടി ആ നിർദ്ദേശങ്ങൾ തീർച്ചയായിട്ടും ഗവൺമെൻറ് പരിശോധിക്കും. ശ്രീ. ജോസഫ് പറഞ്ഞതുപോലെ ചില സംസ്ഥാനങ്ങൾ വാറ്റ് നടപ്പിലാക്കാത്തതുകൊണ്ട് ചില ബുദ്ധിമുട്ടുകൾ ഉണ്ട്. പക്ഷെ കൂടുതൽ സംസ്ഥാനങ്ങൾ വാറ്റ് നടപ്പിലാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുവരെയുള്ള അസസ്സ്മെൻറനുസരിച്ച് ഒന്നോ രണ്ടോ സംസ്ഥാനം ഒഴിച്ച് ബാക്കി വാറ്റ് നടപ്പിലാക്കിയ എല്ലാ സംസ്ഥാനങ്ങളുടേയും വരവ് കൂടിയിട്ടുണ്ട്. അത് ചിലയിടത്ത് 50% വരെ ആക്കിയിട്ടുണ്ട്. കേരളത്തിൽ എത്താണ്ട് ആറ് ശതമാനത്തിനടുത്തു മാത്രമേ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളു. ആറു ശതമാനം വർദ്ധനവ് എന്നു പറയുന്നത് നോർമൽ ഗ്രോത്ത് ആയി വരുന്നില്ല. മേലിൽ വർദ്ധിക്കാൻ സാദ്ധ്യതയുണ്ടെങ്കിലും സാധാരണഗതിയിലുള്ള ഗ്രോത്തിൻറെ അത്രയും നമുക്ക് വരുമാനം ഇല്ലാത്തതുകൊണ്ട് നമ്മൾ ഇപ്പോൾ കോമ്പൻസേഷന് അർഹരാണ്. നമ്മൾ അത് ക്ലെയിം ചെയ്യുന്നുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും ഇങ്ങനെ വരുമാനം കൂടിയതുകൊണ്ട് 50% വരെ ലാഭം ഉണ്ടാക്കിയ സ്ഥലം വരെയുള്ളതുകൊണ്ട് — ഇതു നടപ്പിലാക്കാത്ത സംസ്ഥാനങ്ങളിലുള്ള ആളുകൾക്ക് കൂടുതൽ ശിക്ഷ ഉണ്ടായി, കൂടുതൽ ടാക്സ് കൊടുക്കേണ്ട ബുദ്ധിമുട്ടുണ്ടായി, എന്ന ഫീലിംഗ് ഇല്ലാതെ തന്നെ വരുമാനമുള്ള സ്ഥലത്തും ടാക്സ് കൂടിയതുകൊണ്ട് മറ്റുള്ള സംസ്ഥാനങ്ങളും ഇതിലേക്ക് വരുന്നതിനെക്കുറിച്ച് വളരെ കാര്യമായി ആലോചിക്കുകയാണ്. ആ സംസ്ഥാനങ്ങളിൽനിന്ന് കഴിഞ്ഞ എംപവേർഡ് കമ്മിറ്റിയിൽ ഉദ്യോഗസ്ഥൻമാരെ അയച്ചിരുന്നു. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളും അത് നടപ്പിലാക്കുമെന്നു തന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ച പശ്ചാത്തലത്തിൽ പുതിയതായി ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണിത്. ഉദാഹരണത്തിന് കാലിച്ചാക്ക് കച്ചവടക്കാർ അതുപോലെ കോഴിക്കൃഷിയുമായി ബന്ധപ്പെട്ട് കൃഷി ചെയ്യുന്നവർ ഇങ്ങനെ തുടങ്ങി വ്യാപാരി വ്യവസായികളടക്കം ഉള്ളവരുടെ ആശങ്ക അവസാനിച്ചിട്ടില്ല. അതിനാൽ കൂടുതൽ ഫലപ്രദമായി പോകുന്നതിനു വേണ്ടി അവരുമായിട്ടുള്ള ചർച്ചകൾ തുടരാനും വേണ്ട നിർദ്ദേശങ്ങൾ നൽകാനും തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഒരു കമ്മിറ്റിയുണ്ടാക്കിയിട്ടുണ്ട്. ഒരാൾക്കും അമിതമായി പ്രാധാന്യം കൊടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതിൽ പ്രധാനപ്പെട്ട എല്ലാ ആളുകളും ഉണ്ട്. അവരെ താമസിയാതെ തന്നെ വിളിച്ചു വരുത്തി ചർച്ച ചെയ്യുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്തിനകത്താണ് പോണ്ടിച്ചേരിയുടെ ഭാഗമായിട്ടുള്ള മാഹി കൂടികൊള്ളുന്നത്. വടകര, തലശ്ശേരി ഈ പട്ടണങ്ങളിലുള്ള ബിസിനസ്സ് മുഴുവൻ മാഹിയിലാണ്. പ്രധാനമായിട്ട് നമ്മുടെ മദ്യ വ്യാപാരം, പെട്രോൾ, ഡീസൽ, മറ്റ് മാർബിൾ സാധനങ്ങൾ എന്നിവക്ക് ഒക്കെ അവിടെയാണ് വില കുറവ്. ഇത്തരത്തിൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടുന്ന വരുമാനം നഷ്ടപ്പെടുന്നു. ഈ സ്ഥിതിക്ക് പരിഹാരം കാണാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇതിന് നടപടി ഞാൻ സ്വീകരിച്ചു. അതുകൊണ്ട് ഞാൻ യേങ്കരമായ സമ്മർദ്ദത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രധാനമായും മാഹി വഴി ലിക്കർ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ അതിലേക്കുടെ പോകുന്ന ആളാണല്ലോ. റോഡിന്റെ രണ്ടു വശം നിറയെ ഐ.എം.എഫ്.എൽ.-ന്റെ ലിക്കർ ഷാപ്പുകളാണ്. അവിടെയുള്ള ആളുകൾ നൂറു കൊല്ലം കുടിച്ചാലും തീരാത്ത ലിക്കർ ഒരു ദിവസം വിൽക്കും. ഫസ്റ്റ് സ്റ്റെപ്പ് എന്നുള്ള നിലയിൽ ഞങ്ങൾ ചില കാര്യങ്ങൾ ചെയ്തു. നമ്മുടെ പെർമിറ്റോടു കൂടിയാണ് അവിടെ നിന്ന് ഇവിടെ ലിക്കർ കൊണ്ടുവരുന്നത്. അങ്ങനെ കൊടുക്കുന്ന പെർമിറ്റിന്റെ എണ്ണം കഴിഞ്ഞ വർഷം കൊടുത്തിരുന്ന പെർമിറ്റിന്റെ 50% ആയിട്ട് ഞാൻ കുറച്ചു. ഒരു ലോഡ് അവിടെനിന്ന് ഇവിടെ കൊണ്ടു വരണമെങ്കിൽ 2,500 രൂപ ടാക്സ് തരണമായിരുന്നു. അത് ഞാൻ 25,000 രൂപയായി കൂട്ടി. ഇതിന് യേങ്കര സമ്മർദ്ദം ഉണ്ടായിരുന്നു. അവിടെ നിന്ന് ബഹുമാനപ്പെട്ട മാഹിയിലെ മന്ത്രിയും ഡി.സി.സി. പ്രസിഡന്റും കൂടി വന്നിട്ട് ഞാൻ വഴങ്ങിയില്ല. അവിടുത്തെ മുഖ്യമന്ത്രി വന്ന് ഇത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് പറഞ്ഞതുകൊണ്ട് കൊടുക്കുന്ന പെർമിറ്റുകളുടെ എണ്ണം 50% എന്നുള്ളത് തൽക്കാലം 75% ആക്കിയിട്ടുണ്ട്. ടാക്സ് 25,000 രൂപ ആക്കിയത് കുറച്ചിട്ടില്ല. സ്റ്റെപ്പ് ബൈ സ്റ്റെപ്പായിട്ട് മാത്രമേ ഇത് ചെയ്യാൻ ഒക്കുകയുള്ളൂ. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. സി. ടി. അഹമ്മദ് അലി, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ടി. അഹമ്മദ് അലി: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ ഭേഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഇല്ല.

മി. ചെയർമാൻ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(5) 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): പ്രധാനമായ രണ്ട് മൂന്ന് കാര്യങ്ങളാണ് ഈ ഭേഗതി ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഒന്ന് എൻട്രി ടാക്സ് റേറ് വാറിലെ റേറ് കൂട്ടാൻ പാടില്ല എന്നാണ്. അതുപോലെ കുടിശ്ശിക അടയ്ക്കുന്നത് കെ. ജി. എസ്. ടി. ആക്ടിലെ സെക്ഷൻ 25 പോലെയാക്കുക. മറൊന്ന് അപ്പലേറ് ട്രൈബ്യൂണലിന്റെ തീരുമാനത്തിന് എതിരായി ഹൈക്കോടതിയിൽ റിവിഷൻ പെറ്റീഷൻ കൊടുക്കാൻ പ്രൊവിഷൻ വയ്ക്കുക. മറൊന്ന് പുതിയതായി ചില ഐറ്റം കൂടി കൊണ്ടുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly